ശുദ്ധജലത്തിന്റെ സംഭരണം വർദ്ധിപ്പിക്കുന്നതിന് നൂതന പദ്ധതികൾ

141 (1698) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജലത്തിന്റെ സംഭരണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നൂതന പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ശുദ്ധജലം പാഴായി പോകുന്നതിനും ശുദ്ധജലത്തിന്റെ ദുർവിനിയോഗം തടയുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എത്ര കോടി ജനങ്ങൾക്കായി വിവിധ ഏജൻസികൾ വഴി ശുദ്ധജലവിതരണം നടത്തുന്നു എന്ന് വെളിപ്പെടുത്താമോ ;

(ഡി) ആയത് മൊത്തം ജനങ്ങളുടെ എത്ര ശതമാനം വരും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശുദ്ധജലത്തിന്റെ സംഭരണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഭൂജലവകുപ്പ് കൃത്രിമഭൂജലസംരക്ഷണ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. കേരള വാട്ടർ അതോറിറ്റി നദികളിലും തോടുകളിലും തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും നിലവിലുള്ള ജലസ്രോതസ്സുകൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ, മഴവെള്ള ശേഖരണ പദ്ധതിയായ 'വർഷ' ശുദ്ധജല സംഭരണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ്. സുജൽധാര പദ്ധതിയും നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ശുദ്ധജലം പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി യഥാസമയം സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ സെക്ഷൻതലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് വിതരണ ശൃംഖലയിൽ പരിശോധനകൾ നടത്തിവരുന്നു. ദുർവിനിയോഗം തടയുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ലഭ്യമായ വിവരമനുസരിച്ച് 2001 സെൻസസ് പ്രകാരം 2.01 കോടി ജനങ്ങൾക്ക് ശുദ്ധജലവിതരണം നടത്തുന്നു.

(ഡി) 2001 സെൻസസ് പ്രകാരം ഇത് 63% വരും.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി ഫീസ്

142 (1699) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly